2025 MARCH
20
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper






## 1200 കി.മി.വേഗം, മുംബൈ– പുണെ യാത്രയ്ക്ക് 25 മിനിറ്റ്

# ഹൈപ്പർലൂപ്പിൽ ലോകത്തിന് മാതൃകയാകാൻ ഭാരതം

**മുംബൈ:** മദ്രാസ് ഐഐടി കാംപസിലെ ഹൈപ്പർലൂപ്പ് പരീക്ഷണ ഓട്ടം വിജയകരമായി പൂർത്തിയായതായി റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ് അറിയിച്ചു. 422 മീറ്റർ നീളത്തിലാണ് ഇവിടെ ഹൈപ്പർലൂപ്പ് പാത പരീക്ഷണാർഥം നിർമിച്ചിരിക്കുന്നത്.

ഇത് ഏഷ്യയിലെ ഏറ്റവും വലിയ ഹൈപ്പർലൂപ്പ് പാതയാണെന്നും 40 മീറ്റർ കൂടി കൂട്ടിച്ചേർക്കുന്നതോടെ ലോകത്തെ ഏറ്റവും വലിയ പാതയാകുമെന്നും അദ്ദേഹം പറഞ്ഞു. ഐഐടി മദ്രാസ് ആണ് പദ്ധതി വികസിപ്പിച്ചെടുത്തത്. ചെന്നൈയിലെ ഇന്റഗ്രൽ കോച്ച് ഫാക്ടറിയാണ് ഇതിന് വേണ്ട ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമിച്ചത്.

പദ്ധതി വിജയകരമായതോടെ 50 കിലോമീറ്റർ ദൈർഘ്യത്തിൽ പുതിയ ഹൈപ്പർലൂപ്പ് പാത പണിയാനുള്ള ഒരുക്കത്തിലാണ് റെയിൽവേ. പക്ഷേ ഇത് എവിടെ പണിയണമെന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. പുതിയ പാത വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്താമെന്നാണ് കണക്ക് കൂട്ടൽ.

രാജ്യത്തെ ആദ്യ ഹൈപ്പർലൂപ്പ് പാത മുംബൈ-പുണെ നഗരങ്ങളെ ബന്ധിപ്പിച്ചാകുമെന്നും റിപ്പോർട്ടുകളുണ്ട്. ഈ പാത പൂർത്തിയാകുന്നതോടെ 25 മിനിറ്റ് കൊണ്ട് മുംബൈയിൽ നിന്ന് പുണെയിലെത്താം. മുംബൈ–പുണെയ്ക്ക് പുറമെ ചെന്നൈ–ബംഗളൂരു പാതയും പരിഗണനയിലുണ്ട്. മണിക്കൂറിൽ 1,200 കിലോമീറ്റർ വേഗത്തിലാണ് ഹൈപ്പർലൂപ്പിലൂടെ യാത്രക്കാരെ വഹിച്ചുകൊണ്ടുള്ള പോഡുകൾ പായുക.

# വിഴിഞ്ഞം തുറമുഖത്തേക്ക് ഭൂഗർഭ റെയിൽപാത; ചെലവ് 1482.92 കോടി, ഡിപിആറിന് അംഗീകാരം

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിഴിഞ്ഞം തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽപാത നിർമിക്കുന്നതിന് കൊങ്കൺ റെയിൽ കോർപറേഷൻ ലിമിറ്റഡ് തയാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് (ഡിപിആർ) മന്ത്രിസഭായോഗം അനുമതി നൽകി. 1482.92 കോടി രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയത്. 2028 ഡിസംബറിന് മുൻപ് റെയിൽ പാത ഗതാഗതയോഗ്യമാക്കുകയാണ് ലക്ഷ്യം.



ന്യൂ ഓസ്ട്രിയൻ ടണലിങ് മെതേഡ് (എൻഎടിഎം) എന്ന സാങ്കേതികവിദ്യയാവും ഭൂഗർഭപാതയുടെ നിർമാണത്തിനായി ഉപയോഗിക്കുക. വിഴിഞ്ഞം തുറമുഖത്തിന്റെ 150 മീറ്റർ അടുത്തുനിന്നു തന്നെ ഭൂഗർഭപാത ആരംഭിക്കും. ടേബിൾ ടോപ്പ് രീതിയിലാവും ഭൂഗർഭപാത ബാലരാമപുരത്തേക്ക് എത്തുക. വിഴിഞ്ഞം കരിമ്പള്ളിക്കര ഭാഗത്തു നിന്നു തുടങ്ങി വിഴിഞ്ഞം,മുക്കോല,ബാലരാമപുരം റോഡിനു സമാന്തരമായാണ് ഭൂഗർഭ പാത കടന്നുപോകുന്നത്. വിഴിഞ്ഞം ബാലരാമപുരം റോഡിന്റെ അതേ അലൈൻമെന്റിൽ ഭൂനിരപ്പിൽനിന്ന് 30 മീറ്റർ എങ്കിലും താഴ്ചയിലാവും പാത കടന്നുപോവുക.

കരിമ്പള്ളിക്കര ഭാഗത്തു വന്നിറങ്ങുന്ന പാത ഇവിടുത്തെ ജനജീവിതത്തെ ബാധിക്കാത്തവിധം തൂണുകൾക്കു മുകളിലൂടെയാവും തുറമുഖത്തേക്ക് നീളുക. ഇതിനായി അര ഹെക്ടറോളം ഭൂമിയും വേണ്ടി വരും. വിഴിഞ്ഞത്തു നിന്നു തുടങ്ങി മുടവൂപ്പാറയിൽ എത്തി നേമത്തേക്കും നെയ്യാറ്റിൻകര ഭാഗത്തേക്കും തിരിയുന്ന രീതിയിലാണ് രൂപരേഖയെന്നു നേരത്തെ അധികൃതർ പറഞ്ഞിരുന്നു.

പാത വരുന്നതിനോടനുബന്ധിച്ച് ബാലരാമപുരത്ത് 5 ഹെക്ടറോളം സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടെന്നും അധികൃതർ പറയുന്നു. പാത കടന്നു പോകുന്ന ഭാഗത്ത് ഭൂനിരപ്പിൽ നിശ്ചിത കിലോമീറ്ററുകൾക്കിടക്ക് എസ്കേപ് ഡക്ടുകൾ പണിയും. അടിയന്തര സാഹചര്യത്തിലെ രക്ഷാദൗത്യം മുൻനിർത്തിയാണിത്.

# മുണ്ടക്കൈ,ചൂരൽമല പുനരധിവാസം: അന്തിമ പട്ടികയിൽ 402 പേർ

**കൽപറ്റ:** മുണ്ടക്കൈ,ചൂരൽമല പുനരധിവാസ ടൗൺഷിപ്പിനായുള്ള അന്തിമ ഗുണഭോക്തൃ പട്ടികയിൽ 402 ഗുണഭോക്താക്കൾ. കരട് 2 ബി അന്തിമ പട്ടികയും അംഗീകരിച്ചതോടെയാണ് ആകെ ഗുണഭോക്താക്കളുടെ എണ്ണം 402 ആയത്. പട്ടിക സംബന്ധിച്ച ആക്ഷേപങ്ങളുടെയും അപേക്ഷയുടെയും അടിസ്ഥാനത്തിൽ കണ്ടെത്തിയ മൂന്നു ഗുണഭോക്താക്കൾ ഉൾപ്പെടെ ആകെ 73 പേരാണ് പുതുതായി പട്ടികയിലുൾപ്പെട്ടത്.

ടൗൺഷിപ്പിലേക്കായുള്ള ആദ്യ ഗുണഭോക്തൃ പട്ടികയിൽ 242 പേരും രണ്ടാംഘട്ട 2 എ പട്ടികയിൽ 87 പേരുമാണ് ഉൾപ്പെട്ടിരുന്നത്. പരാതിയുള്ളവർക്ക് ദുരന്ത നിവാരണ വകുപ്പിൽ പരാതി നൽകാമെന്ന് ജില്ലാ കലക്ടർ ഡി.ആർ.മേഘശ്രീ അറിയിച്ചു. പട്ടികയുമായി ബന്ധപ്പെട്ട നൂറിലധികം അപ്പീലുകളും സർക്കാർ പരിശോധനയ്ക്ക് വിട്ടു. അതേസമയം, പുനരധിവസിപ്പിക്കണമെന്ന് ആവശ്യപ്പെട്ട പടവെട്ടിക്കുന്ന്, റാട്ടപാടി, അട്ടമല എന്നിവിടങ്ങളിലെ ആളുകളെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവരെക്കൂടി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പ്രതിഷേധം തുടരുകയാണ്.

മുണ്ടക്കൈ ചൂരൽമല പുനരധിവാസത്തിന് 72 ഗുണഭോക്താക്കൾ സമ്മതപത്രം നൽകി. മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിലെ ആളുകളാണ് സമ്മതപത്രം നൽകിയത്. ടൗൺഷിപ്പിൽ വീടിനായി 67 പേരും സാമ്പത്തിക സഹായത്തിനായി അഞ്ചു പേരുമാണ് സമ്മതപത്രം നൽകിയത്. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് മാർച്ച് 24 വരെ സമ്മതപത്രം നൽകാം.



# വയോജന കമ്മീഷൻ ബിൽ പാസാക്കി

**തിരുവനന്തപുരം:** വയോജനങ്ങൾക്കായി കമ്മീഷൻ കൊണ്ടുവരുന്ന കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ സംസ്ഥാന നിയമസഭ പാസാക്കി. വയോജനരംഗത്ത് സർക്കാർ മുന്നോട്ടുവച്ച സ്വപ്നമാണ് യാഥാർത്ഥ്യമായിരിക്കുന്നതെന്ന് മന്ത്രി ബിന്ദു പറഞ്ഞു. കേരളത്തിലെ മുതിർന്ന പൗരന്മാർക്ക് വയോജന കമ്മീഷൻ പുതിയ യുഗത്തിന്റെ തുടക്കമാകും.പ്രായമായവരുടെ (60 വയസ്സിന് മുകളിലുള്ളവർ) ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കാനും അവരുടെ ഉത്പാദനക്ഷമതയും, മൗലികവും നൂതനവുമായ ആശയങ്ങളോ പരിഹാരങ്ങളോ ഉണ്ടാക്കാനുള്ള കഴിവും, സമൂഹത്തിന് ഉപയോഗപ്പെടുത്താനുമായാണ് രാജ്യത്താദ്യമായി കമ്മീഷൻ നിലവിൽ വരുന്നത്.അവഗണനയും ചൂഷണവും അനാഥത്വവും അടക്കമുള്ള വയോജനതയുടെ ജീവിത പ്രയാസങ്ങൾ സംബന്ധിച്ച വർധിച്ചുവരുന്ന ഉത്കണ്ഠകൾ അടിയന്തിരമായി അഭിസംബോധന ചെയ്യാനാണ് കമ്മീഷൻ. അർദ്ധ ജുഡീഷ്യൽ അധികാരങ്ങളോടെയാണ് കമ്മീഷൻ രൂപീകരിക്കപ്പെടുക. വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ കമ്മീഷന് ചുമതലയുണ്ടാവും. വയോജനങ്ങളുടെ പുനരധിവാസത്തിന് ആവശ്യമുള്ള സഹായങ്ങളും, നിയമസഹായം ലഭ്യമാക്കുന്നതിനും കമ്മീഷൻ പ്രവർത്തിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കമ്മീഷനിൽ സർക്കാർ വിജ്ഞാപനം വഴി നിയമിക്കുന്ന ഒരു ചെയർപേഴ്സണും നാലിൽ കവിയാത്ത എണ്ണം അംഗങ്ങളും ഉണ്ടായിരിക്കും. ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിൽ നിയമിക്കപ്പെടുന്ന എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കും. അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കും. ചെയർപേഴ്സണ് ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയുണ്ടാകും.

സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരാവും കമ്മീഷൻ സെക്രട്ടറി. നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാളെ കമ്മീഷൻ രജിസ്ട്രാറായും സർക്കാർ ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാളെ കമ്മീഷൻ ഫിനാൻസ് ഓഫീസറായും നിയമിക്കും.

കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കും. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി അവർ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്നു വർഷം വരെ ആയിരിക്കും.

കമ്മീഷന്, അതിന്റെ മുമ്പാകെയുള്ള ഏതെങ്കിലും കാര്യങ്ങളുടെ നിർവ്വഹണത്തിന്റെ ആവശ്യത്തിലേക്കായോ ഏതെങ്കിലും പ്രത്യേക വിഷയം പരിഗണിക്കുന്നതിലേക്കായോ പ്രസ്തുത വിഷയത്തിൽ പ്രത്യേകമായ അറിവുള്ള രണ്ടിൽ കൂടാത്ത എണ്ണം വ്യക്തികളെ പ്രത്യേക ക്ഷണിതാക്കളായി യോഗങ്ങളിൽ പങ്കെടുപ്പിക്കാം. കമ്മീഷൻ യോഗങ്ങളിൽ ക്ഷണിതാക്കൾക്ക് വോട്ടവകാശം ഉണ്ടാവില്ല.

കേരളത്തിന്റെ സാമൂഹ്യസാമ്പത്തിക വികസനത്തെ ഗണ്യമായി സ്വാധീനിക്കുന്ന ഒന്നായി കമ്മീഷൻ മാറും. വയോജന ക്ഷേമത്തിലും സംരക്ഷണത്തിലും രാജ്യത്ത് ഉയർന്നുനിൽക്കുന്ന കേരളത്തെ കൂടുതൽ വയോജനസൗഹൃദപരമാക്കാനുള്ള തീരുമാനമാണ് നിയമമായിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.



# അത്യാധുനിക ലേസർ ഫോട്ടോഗ്രാഫി മെഷീൻ സ്ഥാപിച്ചു

**ആലുവ:** ഡോ. ടോണി ഫെർണാണ്ടസ് ഐ ഹോസ്പിറ്റലിൽ ഒ.സി.ടി ആൻജിയോഗ്രാഫിയോടുകൂടിയ അത്യാധുനിക വൈഡ് ഫീൽഡ് ഫണ്ടസ് ക്യാമറ സ്ഥാപിച്ചു. ഒരു കോടി രൂപയിലധികം നിക്ഷേപം നടത്തി സ്ഥാപിച്ച ഈ അത്യാധുനിക സാങ്കേതികവിദ്യ, റെറ്റിന രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള ആശുപത്രിയുടെ കഴിവ് ഗണ്യമായി വർദ്ധിപ്പിക്കും.

2025 മാർച്ച് 18ന് നടന്ന ആശീർവാദവും ഉദ്ഘാടനവും കോട്ടപ്പുറം രൂപത പിതാവ് റെവ: ആംബ്രോസ് പുത്തൻവീട് നിർവ്വഹിച്ചു. ചെയർമാൻ ഡോ. ടോണി ഫെർണാണ്ടസ്, എം.ഡി. ഡോ. ഫ്രെഡി ടി. സൈമൺ, പ്രഗത്ഭ റെറ്റിന സർജൻമാരായ ഡോ. ഷീന ലിസ് മണി, ഡോക്ടർ സാജു തോമസ്, ഡോ. മിനി ഡേവിഡ്, മറ്റു ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഈ സവിശേഷത കാര്യക്ഷമവും സമഗ്രവുമായ റെറ്റിന രോഗ പരിശോധനയ്ക്ക് സഹായിക്കുന്നു. പരമ്പരാഗത രീതിയിലുള്ള കണ്ണിലെ കൃഷ്ണമണി വികസിപ്പിക്കൽ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട അസ്വസ്ഥതയും സമയനഷ്ടവും ഇത് ഇല്ലാതാക്കുന്നു. 45 മിനിട്ടു മുതൽ 1 മണിക്കൂർ വരെ സമയം കൃഷ്ണമണി വികസിപ്പിക്കുന്നതിന് വേണ്ടി എടുക്കുമായിരുന്നു ഈ സമയനഷ്ടവും മറ്റു ബുദ്ധിമുട്ടുകളും ആണ് ഇതിലൂടെ ഒഴിവാക്കുന്നത്.



# അന്ധകാരനഴി വിനോദസഞ്ചാരകേന്ദ്രം അവഗണനയിൽ

**തുറവൂർ:** അന്ധകാരനഴി വിനോദസഞ്ചാര കേന്ദ്രത്തിനോടുള്ള അവഗണന തുടരുന്നു. ലക്ഷങ്ങൾ മുടക്കി നിർമിച്ച കെട്ടിടങ്ങളും നടപ്പാത, കൈവരികൾ, വാക് വേ തുടങ്ങിയവ നശിച്ച അവസ്ഥയിലാണ്. നടപ്പാതയിൽ പാകിയ ടൈലുകൾ പല സ്ഥലങ്ങളിലും തകർന്നുകിടക്കുകയാണ്.

വാക്ക് വേയുടെ ഇരുമ്പു പൈപ്പുകൾക്കൊണ്ടുള്ള കൈവരികാൾ പൂർണമായും തുരുമ്പുകയറി നശിച്ച അവസ്ഥയാണ്. ഇവിടുത്തെ മത്സ്യലേല ഹാളിൻറെയും റസ്റ്റോറൻറ് കെട്ടിടത്തിൻറെയും മേൽക്കുര തകർന്ന അവസ്ഥയാണ്. ഇതിൽ റസ്റ്റോറൻറിനായി നിർമിച്ച കെട്ടിടത്തിൻറെ ഇരുമ്പു മേൽക്കൂര തകർന്നതിനെത്തുടർന്ന് പൊളിച്ചുമാറ്റിയിരുന്നു.

മേൽക്കൂര വാർക്കാനെന്ന പേരിലാണ് ഒരു വർഷം മുമ്പ് ഇത് പൊളിച്ചുമാറ്റിയത്.

ഇപ്പോൾ മഴയും വെയിലും കൊണ്ടു കെട്ടിടം പൂർണമായും നശിച്ചു. ഡിറ്റിപിസിയുടെ നിയന്ത്രണത്തിലാണ് വിനോദസഞ്ചാര കേന്ദ്രം. ഇതിൻറെ വികസനത്തിനായി ഡിറ്റിപിസി വൻ പദ്ധതികൾ പ്രഖ്യപിച്ചെങ്കിലും അതെല്ലാം ജലരേഖയാവുകയായിരുന്നു. ദിവസവും നൂറുകണക്കിന് സ്വാദേശികളും വിദേശികളുമായ വിനോദസഞ്ചാരികളാണ് ഇവിടെയെത്തുന്നത്. ശനി, ഞായർ ദിവസങ്ങളിലും മറ്റ് അവധി ദിവസങ്ങളിലും വൻജനാവലിയാണ് ഇവിടെ എത്തുന്നത്.

സ്കൂൾ അവധിയാകുന്നതോടെ വിനോദസഞ്ചാരികളുടെ എണ്ണം ഇതിലും ഇരട്ടിയാകും. സംസ്ഥാനത്തെ ഒരു മന്ത്രി പ്രതിനിധീകരിക്കുന്ന പ്രദേശമായിട്ടും അന്ധകാരനഴി വിനോദസഞ്ചാര കേന്ദ്രത്തോടുള്ള അവഗണതുടരുന്നതിൽ പ്രതിഷേധം ശക്തമാണ്.

# മില്ലുടമകൾ നെല്ല് സംഭരിക്കും

**ആലപ്പുഴ:** ജില്ലയിലെ കൊയ്ത നെല്ല് ഇന്നുമുതൽ സംഭരിക്കാൻ മില്ലുടമകളുമായി ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ കളക്ടറേറ്റിൽ കൂടിയ ഉന്നത ഉദ്യോഗസ്ഥ തല യോഗം തീരുമാനിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ടുള്ള തടസങ്ങൾ ഒഴിവാക്കുന്നതിനാണ് മില്ലുടമകളുമായി അടിയന്തര യോഗം ചേർന്നത്. നെല്ല് താമസം കൂടാതെയും തടസമില്ലാതെയും സംഭരിക്കുമെന്ന് മില്ലുടമകളുടെ പ്രതിനിധികൾ യോഗത്തിൽ ഉറപ്പുനൽകി.

നൂറ് കൃഷിക്കാരുള്ള പാടശേഖരത്തിന് ഒന്ന് എന്ന നിലയിൽ കർഷകരും പാഡി മാർക്കറ്റിംഗ് ഓഫീസർമാരും (പിഎംഒ) കൃഷി വകുപ്പ് ഉദ്യോഗസ്ഥരും നിശ്ചയിക്കുന്ന പാടശേഖരത്തിലെ നെല്ല് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയായിരിക്കും ആവശ്യമെങ്കിൽ കിഴിവ് നിശ്ചയിക്കുക.

തർക്കമുണ്ടാകുന്ന സ്ഥലങ്ങളിൽ കൃഷിക്കാരെയും മില്ലുകാരെയും മുഖവിലയ്ക്ക് എടുത്ത് നെല്ലുസംഭരണത്തിന് അനുയോജ്യമായ തീരുമാനമെടുക്കുന്നതിന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരും പിഎംഒമാരും പൂർണ സഹകരണം നൽകാനും യോഗം തീരുമാനിച്ചു. നെല്ലിന് കിഴിവ് നൽകുന്നത് സംബന്ധിച്ച് സ്ലാബ് നിശ്ചയിച്ച് ഒരു മാസത്തിനകം സംസ്ഥാന സർക്കാരിൻറെ പരിഗണനയ്ക്ക് നൽകുമെന്ന് യോഗത്തിൽ മില്ലുടമകളെ അറിയിച്ചു.

ജില്ലാ കളക്ടർ അലക്സ് വർഗീസിൻറെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ സപ്ലൈകോ ചെയർമാൻ പി.ബി. നൂഹ്, കൃഷി വകുപ്പ് ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ സി. അമ്പിളി, മാനേജർ, പാഡി പ്രൊക്യൂയർമെൻറ് വിഭാഗം കെ. അനിത, മില്ലുടമ സംഘടനാ പ്രതിനിധികൾ, മില്ലുടമകൾ, വിവിധ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

തീരുമാനം സംബന്ധിച്ച് കൃഷിമന്ത്രി പി. പ്രസാദ്, ഭക്ഷ്യമന്ത്രി ജി. ആർ. അനിൽ എന്നിവരുടെ പ്രത്യേക നിർദേശപ്രകാരമാണ് മില്ലുടമകളുമായി പ്രത്യേക യോഗം ചേർന്നത്.

# കർഷകർക്ക് കൈത്താങ്ങായി എച്ച്ഡിഎസും ഗിരിജ്യോതി ഫാർമർ പ്രൊഡ്യൂസേഴ്സും

**കരിമ്പൻ:** വിലയിടിവിൽ ഇഞ്ചി വാങ്ങാൻ ആളില്ലാതെ കർഷകർ വലയുമ്പോഴും മറയൂരിലെ ആദിവാസി ഇഞ്ചിക്കർഷകർ സന്തോഷത്തിലാണ്. ഇടനിലക്കാരില്ലാതെ മറയൂരിലെ ആദിവാസി ഇഞ്ചിക്കർഷരുടെ ടൺ കണക്കിന് ഇഞ്ചിയാണ് ഉയർന്ന വില നൽകി വാങ്ങി ഹൈറേഞ്ച് ഡവലപ്മെൻറ് സൊസൈറ്റിയും ഗിരിജ്യോതി ഫാർമർ പ്രൊഡ്യൂസർ കമ്പനിയും കർഷകർക്ക് കൈത്താങ്ങാകുന്നത്.

ഹൈറേഞ്ച് ഡെവലപ്മെൻറ് സൊസൈറ്റി നബാർഡിൻറെ സഹായത്തോടെ ആരംഭിച്ച ട്രൈബൽ ഫാർമർ പ്രൊഡ്യൂസർ കമ്പനിയായ ഗിരിജ്യോതി ഫാർമർ പ്രൊഡ്യൂസർ കമ്പനി മറയൂരിലെ ആദിവാസി ഇഞ്ചിക്കർഷകരിൽനിന്ന് ഇഞ്ചി ശേഖരിക്കുകയും കർഷകർക്ക് പരമാവധി വില ലഭ്യമാക്കുകയും ചെയ്യുന്നു. കഴിഞ്ഞ ഒരാഴ്ചകൊണ്ട് എഫ്പിസി കമ്പനിവഴി 22 ടൺ ഇഞ്ചി ശേഖരിച്ച് വില്പന നടത്തി ഹെർബൽ മരുന്നുകൾ, കാട്ടുതേൻ, ചിറ്റീന്ത് ചൂലുകൾ, എ ഗ്രേഡ് പുൽത്തൈലം, ജൈവ പച്ചക്കറികൾ, ജൈവ കാപ്പിക്കുരു, ജൈവ കുരുമുളക് തുടങ്ങിയവ ആദിവാസി കുടികളിൽനിന്ന് ശേഖരിച്ച് എഫ്പിസി കമ്പനി വിൽപ്പന നടത്തുന്നുണ്ട്.

മറയൂർ പഞ്ചായത്തിലെ തായന്നം കുടി, ആട്ടുമലക്കുടി, മുളകാമുട്ടികുടി, ഇരുട്ടളക്കുടി എന്നിവിടങ്ങലിൽനിന്നുള്ള നൂറോളം കർഷകരിൽനിന്നാണ് ഇത്രയും ഇഞ്ചി ശേഖരിച്ചിരിക്കുന്നത്. കമ്പനിയുടെ ഇടപെടലിലൂടെ പൊതുവിപണിയിൽ കിലോക്ക് 35 രൂപ വിലയുള്ള ഇഞ്ചി ആദിവാസികളായ ഇഞ്ചികർഷകരിൽനിന്ന് 50 രൂപയ്ക്കാണ് ശേഖരിച്ചത്.

ജൈവ രീതിയിൽ കൃഷി ചെയ്യുന്ന മറയൂരിലെ ആദിവാസികർഷകർക്ക് കൃഷി ചെയ്യാൻ പ്രോത്സാഹനവും പ്രതീക്ഷയും നൽകുന്നുണ്ടെന്ന് ഹൈറേഞ്ച് ഡെവലപ്മെൻറ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. ജോസഫ് കൊച്ചുകുന്നേൽ പറഞ്ഞു.

# ലഹരി വിരുദ്ധ കാമ്പയിൻ

**അങ്കമാലി:** നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിൽ ലഹരി വിരുദ്ധ കാമ്പയിൻ സംഘടിപ്പിച്ചു. ലോക സോഷ്യൽ വർക്ക് ദിനത്തോടനുബന്ധിച്ചാണ് കാലിക പ്രസക്തിയുള്ള പരിപാടികൾ സംഘടിപ്പിച്ചത്.

എക്സൈസ് പ്രിവൻറീവ് ഓഫീസർ ടി.കെ. സന്തോഷ് (എക്സൈസ് റേഞ്ച് ഓഫീസ്, ഇരിഞ്ഞാലക്കുട) ബോധവത്കരണ ക്ലാസ് നയിച്ചു. എംഎസ്ഡബ്ല്യു വിദ്യാർഥികൾ ലഹരിക്കെതിരെ മൈം അവതരിപ്പിച്ചു.

നൈപുണ്യ കോളേജ് ക്യാമ്പസ്, അങ്കമാലി ബസ് സ്റ്റാൻഡ്, ചാലക്കുടി ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിലാണ് പരിപാടി നടത്തിയത്.



# കുടുംബശ്രീ സംയോജിത കാർഷിക പദ്ധതിക്ക് തുടക്കമായി

**കണ്ണൂർ:** കുടുംബശ്രീ ജില്ലാ മിഷൻ കാർഷിക ഉപജീവന മേഖലയിൽ നടപ്പിലാക്കുന്ന സംയോജിത കർഷിക ക്ലസ്റ്റർ പദ്ധതിക്ക് മാലൂരിൽ തുടക്കമായി . കൃഷി, മൃഗ സംരക്ഷണം, മൂല്യ വർധനം എന്നി മേഖലയിൽ മഹിളാ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആണ് വർഷകാല പരിധിയിൽ നടപ്പിലാക്കുക. പദ്ധതിയുടെ ഭാഗമായി ലൈവ്ലി ഫുഡ് സർവീസ് സെന്റർ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ നിർവഹിച്ചു.

തുടർന്ന് കർഷക ശിൽപ്പശാലയും പദ്ധതിയുടെ ഡി പി ആർ പ്രകാശനവും നടന്നു. മാലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് വി ഹൈമാവതി, വൈസ് പ്രസിഡൻറ് ചമ്പാടൻ ജനാർദ്ദനൻ, സ്ഥിരം സമിതി അധ്യക്ഷരായ രമേശൻ കോയിലോടൻ, രജനി, രേഷ്മ സജീവൻ, അസിസ്റ്റൻറ് ജില്ലാ മിഷൻ കോ ഓർഡിനേറ്റർ രാഹുൽ എന്നിവർ പങ്കെടുത്തു. കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ശ്രീ എം വി ജയൻ പദ്ധതി വിശദീകരണം നടത്തി.

വിള ഇൻഷുറൻസുമായി ബന്ധപ്പെട്ട് അഗ്രികൾച്ചറൽ ഇൻഷുറൻസ് ജില്ലാ പ്രതിനിധി അശ്വിനി ക്ലാസെടുത്തു. തുടർന്ന് ന്യൂട്രീഷൻ വെൽനെസ് കോച്ച് സനില ബിജു പോഷക ഭക്ഷണ ശീലങ്ങളെ കുറിച്ച് ക്ലാസെടുത്തു. കർഷകർക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. വിവിധ വാർഡുകളിൽ നിന്നും കർഷകർ ഉത്പാദിപ്പിച്ച വിവിധ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും സംഘടിപ്പിച്ചു.

# പാർക്കുകളിൽ റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് ബെഞ്ചുകൾ സ്ഥാപിച്ച് ഡിസിബി ബാങ്ക്



**കൊച്ചി:** കൊച്ചി നഗരത്തിലെ പാർക്കുകളിൽ റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് പാർക്ക് ബെഞ്ചുകൾ സ്ഥാപിച്ചു. ഡിസിബി ബാങ്ക്, വേ ഫോർ ലൈഫ് എൻജിഒയുടെ സഹകരണത്തോടെ മറൈൻ ഡ്രൈവ് സുബാഷ് പാർക്ക്, പനമ്പള്ളി നഗർ ഡയമണ്ട് പാർക്ക് എന്നിവിടങ്ങൽലായി 25 പാർക്ക് ബെഞ്ചുകളാണ് സ്ഥാപിച്ചത്. വേ ഫോർ ലൈഫ് എൻജിഒ വിവിധയിടങ്ങളിലായി സംഘടിപ്പിച്ച ശുചീകരണ പ്രവർത്തനത്തിലൂടെ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളാണ് ബെഞ്ചുകൾ നിർമ്മിക്കാനുപയോഗിച്ചത്. കാഴ്ചയിൽ മാർബിൾ ബെഞ്ചിനോട് സാമ്യമുള്ളതാണ് പ്ലാസ്റ്റിക് പാർക്ക് ബെഞ്ചുകൾ. ഭാരം കുറവായതിനാൽ ഇവ ആവശ്യാനുസരണം എടുത്തു മാറ്റാനും സാധിക്കും.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക, പുനരുപയോഗിക്കുക, റീസൈക്കിൾ ചെയ്യുക എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് പരിസ്ഥിതി സൗഹാർദ്ദകരമായ ദൗത്യം ആരംഭിച്ചത്. പ്ലാസ്റ്റിക് മാലിന്യത്തെ ദീർഘകാല ഉപയോഗയോഗ്യമായ പൊതു സൗകര്യങ്ങളാക്കി മാറ്റുക എന്നതാണ് ഈ സംരംഭത്തിലൂടെ ലക്ഷ്യമിടുന്നത്. 27 കിലോ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ചാണ് ഓരോ ബെഞ്ചും നിർമ്മിച്ചിരിക്കുന്നത്. 25 ബെഞ്ചുകളിലൂടെ 650 കിലോ പ്ലാസ്റ്റിക് പുനരുപയോഗിച്ചുവെന്ന് ഡിസിബി ബാങ്ക് ഇൻസ്റ്റിറ്റിയൂഷണൽ ബാങ്കിംഗ് മേധാവി അജയ് അഹ്ലുവാലിയ പറഞ്ഞു.

മരത്തിലും ലോഹത്തിലും നിർമ്മിച്ച ബെഞ്ചുകളെ അപേക്ഷിച്ച് റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് ബെഞ്ചുകൾ കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളതും, കുറഞ്ഞ പരിപാലന ചെലവുള്ളതും, കൂടുതൽ ദീർഘായുസുള്ളതുമായിരിക്കും.

അതിനാൽ പൊതു സ്ഥലങ്ങളിൽ സുരക്ഷിതമായും സൗകര്യപ്രദമായും ഉപയോഗിക്കാവുന്നതാണ്. കൊച്ചി സുഭാഷ് പാർക്കിൽ നടന്ന ചടങ്ങിൽ ഡിസിബി ബാങ്ക് ഇൻസ്റ്റിറ്റിയൂഷണൽ ബാങ്കിംഗ് മേധാവി അജയ് അഹ്ലുവാലിയ, സൗത്ത് സോൺ ഹെഡ് ലക്ഷ്മി നാരായൺ, കൊച്ചി സർക്കിൾ ഹെഡ് ശ്രീജിത്ത് നായർ, വേ ഫോർ ലൈഫ് എൻജിഒ സിഎസ്ആർ ഹെഡ് വെങ്കിടേഷ്, വൈസ് പ്രസിഡന്റ് ലതീഷ് കുമാർ എ, സിറ്റി ലീഡ് ആദർശ് പി. എ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ഗെയിംസ് ഫെസ്റ്റിവലുകൾ അനിവാര്യം: മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ

**പാറശ്ശാല:** നിരവധി കായിക പ്രതിഭകൾ നമ്മുടെ സമൂഹത്തിൽ ഒളിഞ്ഞു കിടപ്പുണ്ടെന്നും അവരെ കണ്ടെത്താനും വളർത്തിയെടുക്കാനും പ്രചോദനം നൽകാനും ഗെയിംസ് ഫെസ്റ്റിവലുകൾ അനിവാര്യമാണെന്ന് രജിസ്ട്രേഷൻ മ്യൂസിയം ആർക്കിയോളജിക്കൽ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ. പാറശ്ശാല പ്ലാമൂട്ടുക്കടയിൽ സംഘടിപ്പിച്ച ജില്ലാ ഗെയിംസ് ഫെസ്റ്റിവലിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വളർന്നു വരുന്ന കായിക താരങ്ങൾക്ക് പ്രചോദനവും ആത്മവിശ്വാസവും നൽകുന്ന ജില്ലാ ഗെയിംസ് ഫെസ്റ്റിവൽ പോലുള്ള മേളകൾ രാജ്യത്തെ കായിക ചൈതന്യത്തിന്റെ ഭാഗമാണ്. നാട്ടിൻപുറങ്ങളിലെ കഴിവുള്ള താരങ്ങളെ കണ്ടെത്താനും അവരെ പരിശീലിപ്പിച്ചു രാജ്യാന്തര തലത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാനും ഇത്തരം മേളകൾ സഹായകരമാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഫുട്ബോൾ മത്സരത്തിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ഒന്നാം സ്ഥാനവും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ക്രിക്കറ്റിൽ വിജയികളായി. കബഡിയിൽ വർക്കല ബ്ലോക്ക് പഞ്ചായത്ത് ഒന്നാം സ്ഥാനത്തും വർക്കല മുനിസിപ്പാലിറ്റി രണ്ടാംസ്ഥാനവും കരസ്ഥമാക്കി. സമാപന ദിവസം നടന്ന വോളിബോൾ മത്സരത്തിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിനെ പരാജയപ്പെടുത്തി വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് വിജയികളായി. ഗെയിംസ് ഫെസ്റ്റിവലിൽ വിജയിച്ച ടീമുകൾക്കുള്ള ട്രോഫികൾ മന്ത്രി വിതരണം ചെയ്തു.

മുൻ അന്താരാഷ്ട്ര വോളിബോൾ താരം ജയ്സമ്മ ജെ.മൂത്തേടം ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. കെ.ആൻസലൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബെൻഡാർവിൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ്കുമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ വി.എസ്.ബിനു, സൂര്യ.എസ്.പ്രേം, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.



# വേനൽച്ചൂട് കനക്കുന്നു: തണ്ണിമത്തൻ വിപണിയിൽ താരമാകുന്നു

**ചെങ്ങന്നൂർ:** ചൂട് കടുത്തതോടെ ആളുകളുടെ ക്ഷീണമകറ്റാനായി വിപണിയിൽ തണ്ണിമത്തൻ താരമാകുന്നു. കൂടുതൽ ആവശ്യക്കാരെത്തിയതോടെ കച്ചവടവും വർധിച്ചിട്ടുണ്ടെന്ന് വ്യാപാരികൾ പറയുന്നു. വേനലിൽ ശരീരത്തിലെ ജലാംശം നഷ്ടമാകുന്നത് തടയാൻ തണ്ണിമത്തന് കഴിയുന്നു എന്നതാണ് പ്രിയമേറാൻ കാരണം.

കർണാടകയിൽനിന്നുള്ള കിരൺ, തമിഴ്നാട്ടിൽനിന്നുള്ള നാംധാരി, വിശാൽ, സമാം എന്നിങ്ങനെ വിവിധ തരത്തിലുള്ള തണ്ണിമത്തനുകളാണ് എത്തുന്നത്. 2012ൽ കേരള കാർഷികസർവകലാശാല വികസിപ്പിച്ച് കാമ്പിന് കുരുവില്ലാത്ത, മഞ്ഞനിറമുള്ള തണ്ണിമത്തനും ഇപ്പോൾ വിപണിയിൽ സജീവമാണ്. എന്നിരുന്നാലും ചുവന്ന കാമ്പുള്ള തണ്ണിമത്തനാണ് ആളുകൾക്ക് പ്രിയം.

വിപണി സജീവമായതോടെ തണ്ണിമത്തൻ ജ്യൂസും വിവിധ പഴച്ചാറുകൾ വിൽക്കുന്ന കടകളും സജീവമായി. ജില്ലയിൽ ഏറ്റവുമധികം കൂടുതൽ ചൂട് അനുഭവപ്പെടുന്ന ചെങ്ങന്നൂരിൽ ഉൾപ്പെടെ നിരവധി പേരാണ് തണ്ണിമത്തൻ കച്ചവടത്തിനായി എത്തിയിരിക്കുന്നത്.

പാതയോരത്തോട് ചേർന്നാണ് വില്പന. വെള്ളരി വർഗത്തിൽപ്പെട്ട തണ്ണിമത്തൻറെ വിലയും വർധിച്ചിട്ടുണ്ട്.

25മുതൽ 40 രൂപ വരെയാണ് ഒരു കിലോയ്ക്ക് ഈടാക്കുന്നത്. ചൂട് കടുക്കുന്നതോടെ തണ്ണിമത്തൻ കച്ചവടം പൊടിപൊടിക്കുമെന്ന പ്രതീക്ഷയിലാണ് കച്ചവടക്കാർ. കനത്തചൂടിൽനിന്ന് രക്ഷനേടാൻ പാതയോരങ്ങളിൽ കരിക്ക്, പനംനൊങ്, പനംകരിക്ക് എന്നിവയും വില്പനയ്ക്കുണ്ട്.

തണ്ണിമത്തന് വില 5 മുതൽ 10 രൂപ വരെ കൂടിയിട്ടുണ്ട്. എന്നാലും ഡിമാൻഡ് കുറയുന്നില്ലന്നാണ് തണ്ണിമത്തൻ വഴിയോര കച്ചവടക്കാരൻ ബഷീർ പറയുന്നുത്. പൈനാപ്പിളും മുന്തിരിയും തണ്ണിമത്തനും കൂടിയുള്ള മിക്സഡ് ജ്യൂസിന് നല്ല സ്വീകാര്യതയാണ് വിപണിയിൽ ലഭിക്കുന്നത്.

50 രൂപ മുതൽ 70 രൂപ വരെയാണ് നിരക്ക്. പേരയ്ക്ക, ഓറഞ്ച് മുതലായ പഴവർഗങ്ങളുടെയും വില്പനയിൽ നല്ല വർധന ഉണ്ടായിട്ടുണ്ടെന്നാണ് വ്യാപാരികൾ പറയുന്നത്.

## അറിയിപ്പുകൾ

### മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പദ്ധതി

**കോഴിക്കോട്:** മത്സ്യത്തൊഴിലാളി വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതിയിലൂടെ 10 ലക്ഷം രൂപയുടെ ആനുകൂല്യവുമായി മത്സ്യഫെഡ്. അപകടം മൂലം മരണമടയുന്നവരുടെ ആശ്രിതർ, അപകടത്തിൽ പൂർണ്ണ അംഗ വൈകല്യം സംഭവിച്ചവർ എന്നിവർക്ക് 10 ലക്ഷവും ഭാഗികമോ സ്ഥിരമായതോ ആയ അംഗ വൈകല്യത്തിന് മെഡിക്കൽ ബോർഡ് ശുപാർശ പ്രകാരം പരമാവധി 10 ലക്ഷവും ലഭിക്കും. മരണത്തിലേക്കോ സ്ഥിരമായ അംഗ വൈകല്യത്തിലേക്കോ നയിച്ചില്ലെങ്കിൽ കൂടി അപകട മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആയി ഒരു ലക്ഷവും കോമറ്റോസ് ആനുകൂല്യമായി ഒരു ലക്ഷം രൂപയും അപകടം സംഭവിച്ച് എഴ് ദിവസത്തിൽ കൂടുതൽ അഡ്മിറ്റ് ആകുന്നതിനുള്ള ആനുകൂല്യമായി 10000 രൂപയുമാണ് ലഭിക്കുക.

അപകട മരണം ആണെങ്കിൽ മൃതദേഹം ആശുപത്രിയിൽ നിന്നും വീട്ടിൽ കൊണ്ടു പോകുന്നതിന് ആംബുലൻസ് ചാർജ്ജായി 5,000 രൂപ, അന്ത്യകർമ്മങ്ങൾക്കുള്ള ചെലവായി 5,000 രൂപ വരെയും ലഭിക്കും. മരിച്ച മത്സ്യത്തൊഴിലാളിയുടെ 25 വയസ്സിൽ താഴെ പ്രായമുള്ള മക്കളുടെ പഠനാവശ്യത്തിന് പരമാവധി ഒരു ലക്ഷം രൂപയും കുടുംബത്തിന് ഒറ്റത്തവണ ധനസഹായമായി നൽകും.

18 നും 70 നും ഇടയിൽ പ്രായമുള്ളവർക്ക് പദ്ധതിയിൽ അംഗമാകാം. 2025 മാർച്ച് 30 നകം അപേക്ഷിച്ച് പ്രീമിയം തുകയായ 509 രൂപ അടുത്തുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിൽ അടയ്ക്കണം. പോളിസിയുടെ കാലാവധി 2025 ഏപ്രിൽ ഒന്നു മുതൽ 2026 മാർച്ച് 31 വരെയാണ്. മുഴുവൻ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളും അവരുടെ വള്ളത്തിലെ/ബോട്ടിലെ എല്ലാ തൊഴിലാളികളേയും, സ്വയം സഹായ ഗ്രൂപ്പുകൾ എല്ലാ അംഗങ്ങളേയും ഉൾപ്പെടെ മുഴുവൻ അനുബന്ധ ത്തൊഴിലാളികളേയും ഇൻഷുർ ചെയ്യണം. ഫോൺ 9526041060, ക്ലസ്റ്റർ ഓഫീസുകൾ 8714866129, 9074106734, 7306885794.

### രജിസ്ട്രേഷൻ വകുപ്പ് അവലോകനയോഗം 28 ന്

**കോഴിക്കോട്:** രജിസ്ട്രേഷൻ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രന്റെ അധ്യക്ഷതയിൽ ഉത്തരമേഖല ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ ജില്ലാ രജിസ്ട്രാർമാർ, ചിട്ടി ഇൻസ്പെക്ടർ/ഓഡിറ്റർമാർ, സബ് രജിസ്ട്രാർമാർ എന്നീ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ജില്ലാതല അവലോകനയോഗം മാർച്ച് 28 ന് രാവിലെ 11 മണിക്ക് കോഴിക്കോട് വെസ്റ്റ്ഹിൽ ഗവണ്മെന്റ് ഗസ്റ്റ് ഹൗസിൽ സംഘടിപ്പിക്കുമെന്ന് ജില്ലാ രജിസ്ട്രാർ (ജനറൽ) അറിയിച്ചു. ഫോൺ 0495 2721895.

### ദർഘാസ് ക്ഷണിച്ചു

**കോഴിക്കോട്:** മണിയൂർ ഹയർ സെക്കന്ററി സ്കൂളിൽ എസ് എസ് കെ യുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്ററിലെ ഗ്രാഫിക് ഡിസൈനർ, ഐ ഒ ടി ടെക്നിക്കൽ സർവ്വീസ് ഓപ്പറേറ്റർ എന്നീ കോഴ്സിലേക്കായി ലാബ് ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി അംഗീകൃത ഏജൻസികളിൽ നിന്നും മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തിയ്യതി മാർച്ച് 25 ന് ഉച്ചക്ക് 12 മണി. ഫോൺ: 7907716681, 9446159731.

**കോഴിക്കോട്:** തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് ലഭിക്കേണ്ട അവസാന തിയ്യതി മാർച്ച് 25 ന് വൈകീട്ട് മൂന്ന് മണി. ഫോൺ: 0496 2590232.

# കൊച്ചി മുസിരിസ് ബിനാലെ: മുന്നോടിയായി ലെറ്റ്സ് ടോക്ക് പരമ്പര

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെക്ക് മുന്നോടിയായി സംസ്ഥാനത്തുടനീളം ലെറ്റ്സ് ടോക്ക് പരമ്പര സംഘടിപ്പിച്ച് കൊച്ചി ബിനാലെ ഫൗണ്ടേഷൻ.സമകാലിക കലയെയും സംസ്കാരത്തെയും കുറിച്ചുള്ള സംവാദങ്ങൾ വളർത്തിയെടുക്കാൻ ലക്ഷ്യമിടുന്നതാണ് ലെറ്റ്സ് ടോക്ക് പരമ്പര. കെഎംബിയുടെ ആറാം പതിപ്പിന്റെ ക്യൂറേറ്റർ നിഖിൽ ചോപ്രയും കെബിഎഫിന്റെ പ്രോഗ്രാം ഡയറക്ടർ മാരിയോ ഡിസൂസയും 'ലെറ്റ്സ് ടോക്കി 'ൽ പങ്കുചേരും. ക്യൂറേറ്റോറിയൽ പ്രക്രിയ, ബിനാലെയുടെ ചരിത്രം, ഇന്ത്യയിലെ സമകാലിക കലാ രീതികളുടെ പരിണാമം എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ പരമ്പരയിൽ ഇവർ ആസ്വാദകരുമായി പങ്ക് വെക്കും.

KOCHI BIENNALE FOUNDATION

ലെറ്റ്സ് ടോക്ക് ഇന്ന് കൊല്ലം ശ്രീ നാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിലും 21 നു കോട്ടയം സിഎംഎസ് കോളേജിലും 26ന് കാലടി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലും നടക്കും. അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തിന്റെ മറ്റ് പ്രദേശങ്ങളിലും ലെറ്റ്സ് ടോക്ക് പ്രഭാഷണ പരമ്പര സംഘടിപ്പിക്കും. ഇന്നലെ തിരുവനന്തപുരത്ത് ഇതിന്റെ ഭാഗമായുള്ള ആദ്യ സംഭാഷണം നടന്നു.

സംസ്ഥാനത്തെ വൈവിധ്യമാർന്ന സമൂഹങ്ങളിലേക്ക് എത്തിച്ചേരാനും കേരള ബിനാലെ ഫൗണ്ടേഷന്റെ സ്വീകാര്യതയ്ക്കും പൊതുജന ഇടപെടലിനുമുള്ള പ്രതിബദ്ധത ശക്തിപ്പെടുത്താനും 'ലെറ്റ്സ് ടോക്ക്' ലക്ഷ്യമിടുന്നു.എച്ച്എച്ച് ആർട്ട് സ്പെയ്സസുമായി സഹകരിച്ച് ആർട്ടിസ്റ്റ് നിഖിൽ ചോപ്ര ക്യൂറേറ്റ് ചെയ്യുന്ന അടുത്ത ബിനാലെ ഡിസംബർ 12 ന് ആരംഭിച്ച് 2026 മാർച്ച് 31 വരെ നീളും.

പ്രദേശികമായി ചിന്തിക്കുകയും ആഗോള ചരിത്രങ്ങളുമായി ബന്ധങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുകയാണ് ക്യൂറേറ്ററായുള്ള തന്റെ സമീപനമെന്ന് കലാകാരൻ നിഖിൽ ചോപ്ര പറഞ്ഞു. തന്റെ ക്യൂറേറ്റോറിയൽ ഘടന സഞ്ചരിക്കുന്നതും ഉരുവപ്പെടുന്നതും ആതിഥേയത്വത്തിന്റെയും പരിചരണത്തിന്റെയും ആശയങ്ങളിലൂടെയും, അതുപോലെ കലാകാരൻമാരുടെ ഐക്യവും സൗഹൃദസമ്പദ്വ്യവസ്ഥകളും പഠനത്തിന്റെയും ജീവിതത്തിന്റെയും വഴികളായി കാണുന്നതിന്റെ പ്രാധാന്യത്തിലൂടെയുമാണെന്ന് അദ്ദേഹം പറഞ്ഞു.

പ്രാദേശികവും സ്ഥാപിതവുമായ വീക്ഷണകോണുകളിൽ നിന്നുള്ള ആഗോള സംവാദങ്ങളിൽ ഏർപ്പെടാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്ന് കെബിഎഫിലെ പ്രോഗ്രാം ഡയറക്ടർ മാരിയോ ഡിസൂസ കൂട്ടിച്ചേർത്തു. 'ഫൗണ്ടേഷന്റെ പരിപാടികൾക്ക് ഇത് മാർഗ്ഗനിർദ്ദേശതത്വമായിരിക്കും. സംസ്ഥാനമൊട്ടാകെ വിവിധ സംഭാഷണങ്ങൾ, വർക്ക്ഷോപ്പുകൾ, പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിലൂടെ പ്രാദേശിക, ദേശീയ, ആഗോള ആശയങ്ങളെ സംവാദത്തിലേക്ക് കൊണ്ടുവരികയാണ് ഞങ്ങളുടെ ലക്ഷ്യം.

കൊച്ചിക്ക് പുറത്തേക്ക് സമകാലിക കലയെയും സംസ്കാരത്തെയും കുറിച്ചുള്ള സംവാദം വ്യാപിപ്പിക്കുന്നതിലും, കേരളത്തിലുടനീളം അർത്ഥവത്തായ ചർച്ചകൾ സൃഷ്ടിക്കുന്നതിലും 'ലെറ്റ്സ് ടോക്ക്' പരമ്പര ഒരു അനിവാര്യ ഘടകമാണെന്ന് കെബിഎഫ് പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി പറഞ്ഞു. പൊതു ഇടപെടലിന്റെ ഹൃദയഭാഗത്ത് കല നിലനിൽക്കുന്നുണ്ടെന്ന് ഇത് ഉറപ്പാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# ഇഫ്താർ സംഗമം സംഘടിപ്പിച്ച് കിംസ്ഹെൽത്ത്

**തിരുവനന്തപുരം:** ഇഫ്താർ സംഗമവുമായി കിംസ്ഹെൽത്ത്. ഡോക്ടർമാർ, അശുപത്രി ജീവനക്കാർ എന്നിവർക്ക് പുറമേ മറ്റ് മേഖലകളിൽ നിന്നുള്ള ക്ഷണിക്കപ്പെട്ടവരും ഇഫ്താറിൽ പങ്കെടുത്തു.സ്നേഹത്തിന്റെയും പരസ്പര സഹവർത്തിത്വത്തിന്റെയും സന്ദേശമാണ് ഓരോ ഇഫ്താറും നൽകുന്നതെന്ന് റമദാൻ സന്ദേശം നൽകി സംസാരിക്കവേ കിംസ്ഹെൽത്ത് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ള പറഞ്ഞു. ഓരോ വ്യക്തിയുടേയും നവീകരണത്തിലൂടെ സമൂഹത്തിന്റെ തന്നെ പുതുക്കലിന് ഇത്തരം കൂട്ടായ്മകൾ ലക്ഷ്യം വയ്ക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചർത്തു. പാളയം ഇമാം വി.പി ഷുഹൈബ് മൗലവി, സിറിയൻ മലങ്കര കത്തോലിക്ക് ചർച്ച് മേജർ ആർച്ച് ബിഷപ്പ് ബസേലിയസ് ക്ലീമിസ്, ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി ഗുരുരത്നം ജ്ഞാനതപസ്സി, എന്നിവരും റമദാൻ സന്ദേശം നൽകി.

കിംസ്ഹെൽത്തിന്റെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി പത്തനാപുരം ഗാന്ധിഭവനിലെ 300 അന്തേവാസികൾക്കായുള്ള പാലിയേറ്റീവ് കെയർ ഹോമിന്റെ സമർപ്പണവും ഇഫ്താർ സംഗമവേളയിൽ നടന്നു. ഡോ. എം.ഐ സഹദുള്ളയിൽ നിന്നും ഗാന്ധിഭവൻ സ്ഥാപകനും മാനേജിംഗ് ട്രസ്റ്റിയുമായ പുനലൂർ സോമരാജൻ താക്കോൽ ഏറ്റുവാങ്ങി.സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുൻ വൈസ് ചെയർമാനും നയതന്ത്രജ്ഞനുമായ ഡോ. ടി.പി. ശ്രീനിവാസൻ, മുൻ സംസ്ഥാന പോലീസ് മേധാവി രമൺ ശ്രീവാസ്തവ, യു.ഡി.എഫ് കൺവീനർ എം.എം ഹസ്സൻ, തിരുവനന്തപുരം മുസ്ലീം അസോസിയേഷൻ പ്രസിഡന്റ് നാസർ കടയറ, കിംസ്ഹെൽത്ത് സഹ സ്ഥാപകൻ ഇഎം നജീബ് തുടങ്ങിയവർ ഇഫ്താർ സംഗമത്തിൽ പങ്കെടുത്തു.

### കർഷക ഉൽപ്പാദന സംഘങ്ങൾക്ക് ധനസഹായത്തിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻറെ സഹായത്തോടെ ഹോർട്ടികൾച്ചർ മേഖലയിൽ നവീന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകും. ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി ബ്ലോക്കുകളിൽ രൂപീകരിച്ചിട്ടുള്ള കർഷക ഉൽപ്പാദക സംഘങ്ങൾ, ജില്ലകളിൽ വിവിധ ഏജൻസികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്നതും മുൻകാലങ്ങളിൽ സാമ്പത്തികസഹായം ലഭിക്കാത്തതുമായ കർഷക ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് അപേക്ഷിക്കാം.

പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, പ്ലാൻറേഷൻ വിളകൾ, കിഴങ്ങുവർഗങ്ങൾ, കൂൺ, തേൻ മുതലായ മേഖലകളിൽ വിളവെടുപ്പാനന്തര സേവനങ്ങൾക്കും മൂല്യവർധിത ഉൽപ്പന്ന നിർമാണത്തിനും ആവശ്യമായ സ്റ്റോറേജ് സംവിധാനങ്ങൾ, പാക്ക് ഹൗസുകൾ, സംസ്കരണ യൂണിറ്റുകൾക്കാവശ്യമായ യന്ത്രസാമഗ്രികൾ, മറ്റ് ഭൗതികസൗകര്യങ്ങൾ എന്നിവയ്ക്ക് പ്രോജക്ട് അധിഷ്ഠിത സഹായമായാണ് ആനുകൂല്യം നൽകുന്നത്.

മാനദണ്ഡങ്ങൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിൻറെ 80 ശതമാനം സഹായമായി അനുവദിക്കും. അപേക്ഷ 22 നകം പ്രോജക്ട് പ്രൊപ്പോസലിനോടൊപ്പം അതാത് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്.

### സൈക്യാട്രിക് സോഷ്യൽ വർക്കർ

**കോഴിക്കോട്:** കോഴിക്കോട് ഇംഹാൻസിലേക്ക് സൈക്യാട്രിക് സോഷ്യൽ വർക്കർ തസ്തികയിലേക്ക് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ മാർച്ച് 29 ന് 5 മണിക്ക് മുമ്പായി ഡയറക്ടർ ഇംഹാൻസ്, മെഡിക്കൽ കോളോജ് (പി.ഒ) 673 008 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.imhans.ac.in വെബ്സൈറ്റ് സന്ദർശിക്കുക.

യോഗ്യത സോഷ്യൽ വർക്കിൽ 2 വർഷത്തെ റെഗുലർ ബിരുദാനന്തര ബിരുദം. അതോടൊപ്പം അംഗീകൃത സ്ഥാപനത്തിൽ നിന്നും 2 വർഷ മുഴുവൻ സമയ എം.ഫിൽ സൈക്യാട്രിക് സോഷ്യൽ വർക്ക് (റെഗുലർ കോഴ്സ്) പൂർത്തികരിക്കണം. എം.ഫിൽ പഠനത്തിന് ശേഷം പ്രസ്തുത വിഷയത്തിൽ ക്ലീനിക്കൽ /ടീച്ചിംഗ്/ ഗവേഷണ മേഖലയിൽ പ്രവർത്തി പരിചയം അഭിലഷണീയം.

### കിക്മ എം.ബി.എ അഭിമുഖം

**തിരുവനന്തപുരം:** സഹകരണ വകുപ്പിനു കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. അഡ്മിഷൻ മാർച്ച് 22ന് രാവിലെ 10 മുതൽ കിക്മ കോളേജ് ക്യാമ്പസിൽ നടക്കും.

കേരള സർവകലാശാലയുടെയും, എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ലോജിസ്റ്റിക്സ്, ബിസിനസ് അനലിറ്റിക്സ്, ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, എന്നിവയിൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്കും, ഫിഷറീസ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്കും പ്രത്യേക സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യമാണ്.

50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത, കെമാറ്റ്/സിമാറ്റ്/ക്യാറ്റ് പ്രവേശന പരീക്ഷകൾക്ക് തയ്യാർ എടുക്കുന്നവർക്കും ഈ അഡ്മിഷനിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 8547618290/9447002106 എന്നീ നമ്പരുകളിലും, www.kicma.ac.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

# രസ്ന റിച്ച് പുറത്തിറക്കി

**കൊച്ചി :** 'രസ്ന റിച്ച്' എന്ന പുതിയ പൗഡർ കോൺസെൻട്രേറ്റ് അവതരിപ്പിച്ച് രസ്ന.




മാംഗോ ഫ്ളേവറിന് പുറമെ ഓറഞ്ച്, ലെമൺ, പൈനാപ്പിൾ, ഗുവ, മിക്സ്ഫ്രൂട്ട് എന്നിവ പോലെയുള്ള മറ്റു രുചിഭേദങ്ങളും ഉണ്ട്. 21 വിറ്റാമിനുകളും മിനറലുകളും ചേർത്ത രസ്ന റിച്ച് ഗുണവും വിലക്കുറവുമാണ് ലക്ഷ്യം വെയ്ക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു. വിവിധ അവസരങ്ങൾക്ക് അനുയോജ്യമായ സൗകര്യപ്രദമായ സാഷെ പാക്കിംഗിൽ ഉൽപ്പന്നം ലഭ്യമാണ്. 10 രൂപ വിലയുള്ള പായ്ക്കറ്റ് കൊണ്ട് മൂന്നു ഗ്ലാസ് പാനിയം ഉണ്ടാക്കാൻ സാധിക്കും.

# ശോഭ മറീന വണ്ണിന് പുരസ്കാരം

**കൊച്ചി:** ദേശിയ സുരക്ഷ കൗൺസിൽ കേരള ചാപ്റ്ററിന്റെ സാമൂഹ്യ സുരക്ഷ പുരസ്കാരം പ്രമുഖ റിയൽ എസ്റ്റേറ്റ് ഗ്രൂപ്പായ ശോഭയുടെ മറൈൻ ഡ്രൈവിലിലെ ഫ്ളാറ്റ് സമുച്ഛയം 'മറീന വൺ' കരസ്ഥമാക്കി. സിവിൽ കൺസ്ട്രക്ഷൻ വിഭാഗത്തിൽ തുടർച്ചയായി മൂന്നാം തവണയാണ് മറീന വണ്ണിന് പുരസ്കാരം ലഭിക്കുന്നത്. കൊച്ചി ചിറ്റിലപ്പിള്ളി സ്ക്വയറിൽ നടന്ന ചടങ്ങിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി. വിനോദ് പുരസ്കാരം വിതരണം ചെയ്തു. മറീന വൺ പ്രോജക്ട് ഡിജിഎം രതീഷ് കുമാർ, ക്യുഎസ്ടി മോഡ്യൂൾ ഹെഡ് ലിനോ ജിയോ ആന്റണി, മറൈൻ വൺ സേഫ്റ്റി ഡെപ്യൂട്ടി മാനേജർ സന്തോഷ് ടി, പ്രോജക്ട് എൻജിനീയർ സുന്ദർ രാജൻ, സേഫ്റ്റി കേരള റീജിയൺ സീനിയർ മാനേജർ അനിൽകുമാർ കെ.കെ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി. ചടങ്ങ് കെഎസ്ഇബി ചെയർമാൻ ബിജു പ്രഭാകർ ഉദ്ഘാടനം ചെയ്തു. സജോ കെ.എഫ്( സിജിഎം ഫാക്ട്യു.സി), ജേസൺവുഡ്സ് (ഇന്റർ നാഷണൽ അക്സസ് ഫെഡറേഷൻ മിഡിൽ ഈസ്റ്റ് സൗത്ത് ഏഷ്യ റീജിയണൽ മാനേജർ),സിന്ധു ഡി( സിജിഎം,എച്ച്ഒസിഎൽ), ബാബുരാജൻ പി.കെ ( ചീഫ് എൻവയോൺമെന്റൽ എൻജിനീയർകെഎസ്പിസിബി),പി.പ്രമോദ്( ചെയർമാൻ, എൻഎസ്.സികെ.സി) തുടങ്ങിയവർ പങ്കെടുത്തു.



# ഗോൾഡ് എക്സ്ചേഞ്ച് ഓഫറുമായി തനിഷ്ക്

**കൊച്ചി:** ടാറ്റ ഗ്രൂപ്പിൽ നിന്നുള്ള ഇന്ത്യയിലെ ഏറ്റവും വലിയ റീട്ടെയിൽ ജൂവലറി ബ്രാൻഡായ തനിഷ്ക് ഗോൾഡ് എക്സ്ചേഞ്ച് പ്രോഗ്രാം അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് അവരുടെ സ്വർണത്തിന്റെ മൂല്യം വർദ്ധിപ്പിക്കാൻ സമാനതകളില്ലാത്ത അവസരം നൽകുന്നതാണ് തനിഷ്ക് ഗോൾഡ് എക്സ്ചേഞ്ച് ഓഫറെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ്, തനിഷ്ക്, റീട്ടെയിൽ ആൻഡ് മാർക്കറ്റിംഗ് വിഭാഗം വൈസ് പ്രസിഡന്റ് അരുൺ നാരായൺ പറഞ്ഞു. 100 ശതമാനം സുതാര്യത, പൂജ്യം കിഴിവ്, ലഭ്യമായ ഏറ്റവും മികച്ച സ്വർണ നിരക്ക് എന്നിവയാണ് തനിഷ്ക് ഗോൾഡ് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ കാതൽ.22 കാരറ്റിനും അതിനു മുകളിലുമുള്ള ശുദ്ധമായ സ്വർണവും 21 കാരറ്റിനും അതിന് മുകളിലുമുള്ള സ്റ്റഡഡ് ആഭരണങ്ങളും മാറ്റി വാങ്ങുമ്പോൾ കിഴിവുകൾ ഒന്നും ഇല്ലാത്തതിനാൽ ഉപയോക്താക്കൾക്ക് പ്രയോജനം ഏറെയാണ്. കൃത്യതയ്ക്കായി കാരറ്റ്മീറ്റർ പരിശോധനയും ഏർപ്പെടുത്തിയിട്ടുണ്ട്. വിവാഹ സീസണിനും ഉത്സവ അവസരങ്ങൾക്കുമായി ഉപഭോക്താക്കൾ സ്വർണം വാങ്ങാൻ നിശ്ചയിക്കുന്ന ചെയ്യുന്ന സമയത്താണ്, തനിഷ്ക് ഗോൾഡ് എക്സ്ചേഞ്ച് പ്രോഗ്രാം അവതരിപ്പിക്കുന്നത്. എല്ലാ തനിഷ്ക് സ്റ്റോറുകളിലും ഈ ഓഫർ ലഭ്യമാണ്.കുടുംബത്തിൻറെ പാരമ്പര്യ ആഭരണങ്ങളെ വധുവിൻറെ ആഭരണങ്ങളാക്കി മാറ്റാൻ ആഗ്രഹിക്കുന്നവർക്കും മികച്ച മൂല്യം തേടുന്ന നിക്ഷേപകർക്കും സമകാലിക ആഭരണ ഡിസൈനുകളിലേക്ക് മാറാനാഗ്രഹിക്കുന്നവർക്കും ആഭരണങ്ങളിലെ കരകൗശല വൈദഗ്ധ്യത്തിൻറെ ആരാധകർക്കുമെല്ലാം തനിഷ്ക് ഗോൾഡ് എക്സ്ചേഞ്ച് പ്രോഗ്രാം അനുയോജ്യമാണ്. തനിഷ്കിൻറെ അതുല്യമായ രൂപകല്പനയും കരകൗശല വൈദഗ്ധ്യവും പ്രകടമാകുന്ന വിവാഹ ആഭരണങ്ങളുമായി പതിറ്റാണ്ടുകളായി കൈമാറി വന്ന സ്വർണം കൈമാറാൻ കഴിയും. കൂടാതെ ഉപഭോക്താക്കൾക്ക് പഴയ സ്വർണം നാച്ചുറൽ ഡയമണ്ടുകളുമായും കൈമാറ്റം ചെയ്യാമെന്നും അദ്ദേഹം വ്യക്തമാക്കി.

# എംബിഎ കോഴ്സിനായി അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കായി ഐഐഎം സമ്പൽപൂർ ഡൽഹി കാമ്പസിൽ നടത്തുന്ന എംബിഎ കോഴ്സിനായി അപേക്ഷ ക്ഷണിച്ചു. വാരാന്ത്യങ്ങളിൽ ഡൽഹി കാമ്പസിൽ ക്ലാസുകൾ സംഘടിപ്പിക്കുന്ന രീതിയിലെ ഈ കോഴ്സിൽ കുറഞ്ഞത് മൂന്നു വർഷത്തെ പ്രവർത്തന പരിചയമുള്ള പ്രൊഫഷണലുകൾക്ക് അപേക്ഷിക്കാം. ഡാറ്റാ സയൻസ്, പ്രൊഡക്ട് മാനേജുമെൻറ്, സസ്റ്റൈനബിലിറ്റി തുടങ്ങിയ സ്പെഷലൈസേഷനുകൾ ലഭ്യമാണ്. 50 ശതമാനമെങ്കിലും മാർക്കോടു കൂടിയ ബിരുദമാണ് യോഗ്യത. കൂടുതൽ വിവരങ്ങൾ https://iimsambalpur.ac.in/about-the-program/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

# കെ ഫോൺ: കൊച്ചിയിൽ 5,000ത്തോളം കണക്ഷനുകൾ

**കൊച്ചി:** വീടുകളിലും ഓഫീസുകളിലും വാണിജ്യ സ്ഥാപനങ്ങളിലുമൊക്കെയായി കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ് കണക്ഷനായ കെഫോൺ കണക്ഷനുകൾ എറണാകുളം ജില്ലയിലും വർധിക്കുന്നു.എറണാകുളം ജില്ലയിൽ കെഫോൺ പദ്ധതി വഴി 4406 ലധികം കണക്ഷനുകൾ ഇതിനോടകം നൽകിക്കഴിഞ്ഞതായി കെഫോൺ അധികൃതർ വ്യക്തമാക്കി. ജില്ലയിൽ ഇതുവരെ 2172.2 കിലോമീറ്റർ കേബിളുകളാണ് സ്ഥാപിച്ചത്. കെഎസ്ഇബി ട്രാൻസ്മിഷൻ ടവറുകളിലൂടെ 296.38 കിലോമീറ്റർ ഒപിജിഡബ്യു കേബിളുകളും 1875.79 കിലോമീറ്റർ എഡിഎസ്എസ് കേബിളുകൾ കെഎസ്ഇബി പോസ്റ്റുകൾ വഴിയുമാണ് കേബിൾ സ്ഥാപിച്ചത്. ജില്ലയിൽ കലക്ടറേറ്റ് ഉൾപ്പടെയുള്ള 1605 സർക്കാർ ഓഫീസുകൾ ഇപ്പോൾ കെഫോൺ നെറ്റ്വർക്കാണ് ഉപയോഗിക്കുന്നത്. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ജി.സി.ഡി.എ, എ.ജിസ് ഓഫീസ്, കിൻഫ്ര, സ്റ്റാർട്ടപ്പ് മിഷൻ, എൻട്രി ആപ്പ് തുടങ്ങിയ പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ കെഫോൺ കണക്ഷനാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ വിവിധ ആദിവാസി മേഖലകളിൽ ഇന്റർനെറ്റ് എത്തിക്കുന്ന കണക്റ്റിങ്ങ് ദി അൺകണക്റ്റഡ് പദ്ധതി പ്രകാരം വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് കുട്ടമ്പുഴ ആദിവാസി ഊരുകളിലേക്കും കെഫോൺ കണക്ഷൻ എത്തിക്കാനും ലക്ഷ്യമിടുന്നുണ്ട്. ജില്ലയിൽ ആകെ 389 ബിപിഎൽ വീടുകളിലാണ് കെഫോൺ കണക്ഷനുള്ളത്. 3385 വാണിജ്യ കണക്ഷനുകളും ജില്ലയിൽ നൽകി. പ്രാദേശിക ഓപ്പറേറ്റർമാർ വഴിയാണ് വാണിജ്യ കണക്ഷനുകൾ നൽകുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 232 ലോക്കൽ നെറ്റുവർക്ക് ഓപ്പറേറ്റർമാർ ഇതിനായി കെഫോണുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കണക്ഷനുകൾക്ക് വേണ്ടി പുതിയ രജിസ്ട്രേഷനുകളും വരുന്നുണ്ട്. ഏഴ് ഐ.എൽ.എൽ കണക്ഷനും 31 എസ്.എം.ഇ കണക്ഷനുകളും ജില്ലയിൽ നൽകി. പുതിയ ഗാർഹിക കണക്ഷൻ എടുക്കാൻ എന്റെ കെഫോൺ എന്ന മൊബൈൽ ആപ്പിലൂടെയോ കെഫോൺ വെബ്സൈറ്റിലൂടെയോ രജിസ്റ്റർ ചെയ്യാം. 18005704466 എന്ന ടോൾഫ്രീ നമ്പർ വഴിയും കണക്ഷനായി രജിസ്റ്റർ ചെയ്യാമെന്നും കെ.ഫോൺ അധികൃതർ പറഞ്ഞു.

# വിഗാർഡ് ഫാനിന് ജർമ്മൻ ഡിസൈൻ അവാർഡ്

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമ്മാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഇൻസൈറ്റ്ജി ബി.എൽ.ഡി.സി ഫാനിന് 2025 ജർമ്മൻ ഡിസൈൻ അവാർഡ്. എക്സലന്റ് ഡിസൈൻ പ്രോഡക്റ്റ് വിഭാഗത്തിലാണ് വിഗാർഡിന് ഈ അംഗീകാരം.




ഫ്രാങ്ക്ഫർട്ട് മെസ്സെ വേദിയിൽ നടന്ന പുരസ്കാര ദാന ചടങ്ങിൽ വിഗാർഡ് ഇൻഡസ്ട്രിയൽ ഡിസൈൻ വിഭാഗം സീനിയർ ജനറൽ മാനേജർ ജെയിംസ് എം. വർഗീസ്, ഇൻഡസ്ട്രിയൽ ഡിസൈൻ വിഭാഗം ലീഡ് അക്ഷയ് നാഥ് വി., ഇൻഡസ്ട്രിയൽ ഡിസൈൻ വിഭാഗം സീനിയർ ലീഡ് ശ്രീപ്രസാദ് കെ. എന്നിവർ അവാർഡ് ഏറ്റുവാങ്ങി. ആഗോള നിലവാരത്തിലുള്ള മികച്ച ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള അംഗീകാരമാണ് ഈ പുരസ്കാരമെന്നും ജർമ്മൻ ഡിസൈൻ അവാർഡ് വിജയികളാകാൻ സാധിച്ചത് അഭിമാനകരമായ നേട്ടമാണെന്ന്' വിഗാർഡ് ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു. 16 ഓളം രാജ്യങ്ങളിൽ നിന്നുള്ള 30 ഓളം ഡിസൈൻ വിദഗ്ധരടങ്ങുന്ന ജൂറി അംഗങ്ങളാണ് പുരസ്കാരങ്ങൾ നിർണയിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി.

# ഭക്ഷ്യ, മൈക്രോബയോളജി ലാബുമായി ഗോദ്റെജ്

**കൊച്ചി:** ഗോദ്റെജ് ഗ്രൂപ്പിൻറെ അപ്ലയൻസസ് ബിസിനസ് വിഭാഗമായ ഗോദ്റെജ് ആൻഡ് ബോയ്സ് ഭക്ഷ്യ, മൈക്രോബയോളജി ലാബ് അവതരിപ്പിച്ചു. ഭക്ഷണത്തിന്റെ സ്വഭാവം, സംരക്ഷണ രീതികൾ, ശുചിത്വ ഘടകങ്ങൾ എന്നിവ ശാസ്ത്രീയമായി പഠിക്കാൻ ഈ സൗകര്യം സഹായിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.പിഎച്ച് ലെവലുകൾ, പാകമാകുന്ന വിവിധ ഘട്ടങ്ങൾ, ഈർപ്പ നിയന്ത്രണം, രുചി, ഘടന, രൂപം, സൂക്ഷ്മജീവികളുടെ പ്രവർത്തനം തുടങ്ങി വൈവിധ്യമാർന്ന ശാസ്ത്രീയ അളവുകൾ വിലയിരുത്താൻ സജ്ജമായ ഈ ലാബ് ഉൽപ്പന്ന ശേഷി വർദ്ധിപ്പിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കും.ആധുനിക ജീവിതശൈലി, മാറിക്കൊണ്ടിരിക്കുന്ന ഭക്ഷണ ശീലങ്ങൾ, ആരോഗ്യത്തെപ്പറ്റി ബോധ്യമുള്ള തിരഞ്ഞെടുപ്പുകൾ എന്നിവയ്ക്ക് അനുയോജ്യമായതും ലോക ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ചും ഉപകരണങ്ങൾ വികസിപ്പിക്കാനുള്ള ശാസ്ത്രീയ ഗവേഷണങ്ങളെ തടസമില്ലാതെ ഇത് സംയോജിപ്പിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. ഭക്ഷ്യ ശാസ്ത്രജ്ഞരും മൈക്രോബയോളജിസ്റ്റുകളും അടങ്ങുന്ന ഒരു സംഘം നിയന്ത്രിക്കുകയും, അപ്ലയൻസസ് ബിസിനസ് ഇന്നൊവേഷൻ മേധാവി മേൽനോട്ടം വഹിക്കുകയും ചെയ്യുന്നതാണ് ഈ ലാബ് എന്നും കമ്പനി അധികൃതർ വ്യക്തമാക്കി.









# ജയിൽ അന്തേവാസികൾക്ക് സാമൂഹ്യക്ഷേമ പദ്ധതി വിപുലീകരിച്ച് ഇന്ത്യൻ ഓയിൽ

**കൊച്ചി:** ഇന്ത്യൻ ഓയിലിന്റെ സാമൂഹ്യക്ഷേമ പദ്ധതികളായ 'പരിവർത്തൻ ജയിലിൽ നിന്ന് അഭിമാനത്തിലേക്ക്' (ജയിൽ ടു പ്രൈഡ്) എന്നതിന്റെ പത്താം ഘട്ടവും 'നയി ദിശ ഭാവി പുനർനിർവചിക്കൽ' എന്ന പദ്ധതിയുടെ ഏഴാം ഘട്ടവും ഇന്ത്യൻ ഓയിൽ ചെയർമാൻ എ എസ് സാഹ്നി രാജ്യത്തെ വിവിധ സ്ഥലങ്ങളിൽ സംസ്ഥാന സർക്കാർ പ്രതിനിധികളുടെയും ജയിൽ ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ഉദ്ഘാടനം ചെയ്തു.

യഥാക്രമം 2021 ഓഗസ്റ്റ് 15, 2023 ജനുവരി 26 തീയതികളിൽ ഇന്ത്യൻ ഓയിൽ ആരംഭിച്ച രണ്ട് പദ്ധതികളും ജയിലുകളിലെയും കറക്ഷണൽ ഹോമുകളിലെയും തടവുകാരുടെ ജീവിതത്തെ സ്പോർട്സിലൂടെ പരിവർത്തനം ചെയ്യാൻ ലക്ഷ്യമിടുന്നു. പുതിയ ഘട്ടത്തിൽ ഇന്ത്യൻ ഓയിൽ 22 ജയിലുകളിലും കുട്ടികൾക്കായുള്ള അഞ്ച് കറക്ഷണൽ ഹോമുകളിലുമായി 1000ലധികം അന്തേവാസികളെ ഗുണഭോക്താക്കളാക്കാനാണ് ലക്ഷ്യമിടുന്നത്. ഇന്ത്യൻ ഓയിൽ സംസ്ഥാന ജയിൽ വകുപ്പുകളുമായി സഹകരിച്ച് ഉമീദ് എ ഹോപ്പ് പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

കറക്ഷണൽ ഹോമുകളിലെ അന്തേവാസികൾക്കും കുട്ടികൾക്കും മെച്ചപ്പെട്ട ജീവിതം കെട്ടിപ്പടുക്കുന്നതിനും സമൂഹത്തിന് ഫലപ്രദമായി സംഭാവന ചെയ്യുന്നതിനും സഹായിക്കുന്ന പദ്ധതികൾക്ക് സംസ്ഥാന സർക്കാരുകളും ഉദ്യോഗസ്ഥരും ജയിൽ അധികൃതരും ഇന്ത്യൻ ഓയിൽ കോർപ്പറേഷനെ നന്ദി അറിയിച്ചു. രാജ്യത്തെ 29 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 10,000ത്തിലധികം അന്തേവാസികളെ ഉൾപ്പടുത്തിയ 200 ലധികം ജയിലുകളിലേക്ക് പദ്ധതി എത്തിച്ചേർന്നു കഴിഞ്ഞു. കഴിഞ്ഞ വർഷം വേൾഡ് ചെസ്സ് ഫെഡറേഷൻ (ഫിഡെ) ചെസ്സ് ടൂർണമെന്റിൽ നേടിയ സ്വർണ്ണ, വെങ്കല മെഡലുകൾ ഉൾപ്പെടെ വിവിധ ടൂർണമെന്റുകളിൽ ജയിലിലെ അന്തേവാസികൾ സമ്മാനങ്ങൾ നേടിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് സാമൂഹിക നന്മയ്ക്കുള്ള സ്പോർട്സ് സ്റ്റാർ ഏസസ് ചെയർപേഴ്സൺ അവാർഡ് 2023, ഏഷ്യപസഫിക് സ്റ്റീവി അവാർഡ് എന്നിവ നൽകി ഇന്ത്യൻ ഓയിലിനെ ആദരിച്ചു.

# സീനിയർ സിറ്റിസൺസ് സേവിംഗ്സ് സ്കീം എച്ച്.ഡി.എഫ്.സി. ബാങ്കിലും

**കൊച്ചി:** വയോജനങ്ങൾക്കായി ഭാരത സർക്കാർ നടത്തുന്ന സമ്പാദ്യ പദ്ധതിയായ സീനിയർ സിറ്റിസൺസ് സേവിംഗ്സ് സ്കീമിന് (എസ്.സി.എസ്.എസ്.) കീഴിൽ ഇനിമേൽ നിക്ഷേപങ്ങൾ സ്വീകരിക്കുമെന്ന് എച്.ഡി.എഫ്.സി. ബാങ്ക് അധികൃതർ അറിയിച്ചു.എച്.ഡി.എഫ്.സി. ബാങ്ക് ഭാരത സർക്കാറിൻറെ ഒരു ഏജൻസി ബാങ്കായി പ്രവർത്തിക്കുകയും സ്കീം നിക്ഷേപങ്ങൾ നേടിയെടുക്കാൻ സഹായിക്കുകയും, അതോടൊപ്പം ഉപഭോക്താക്കൾക്ക് ആയാസരഹിതമായ സേവനം പ്രദാനം ചെയ്യുകയും ചെയ്യും. അർഹരായ എല്ലാ ഉപഭോക്താക്കൾക്കും ബാങ്കിൻറെ ഏത് ശാഖ സന്ദർശിച്ചും എസ്.സി.എസ്.എസ്.ന് അപേക്ഷിക്കാമെന്നും അധികൃതർ അറിയിച്ചു.

# എച്ച് ആന്റ് എം എസ്എസ് 2025 ശേഖരം: വനിതാസംഗീതജ്ഞർ എത്തും

**കൊച്ചി:** എച്ച് ആൻഡ് എമ്മിന്റെ എസ്എസ് 2025 ശേഖരത്തിന്റെ അനാച്ഛാദനത്തിൽ വനിതാ സംഗീതജ്ഞരായ ടൈല, എഫ്കെഎ ടിഗ്സ്, കരോലിൻ പോളാച്ചെക് പങ്കെടുക്കുമെന്ന് എച്ച് ആന്റ് എം ഡിസൈൻ ഡയറക്ടർ എലിയാന മസ്ഗാലോസ് പറഞ്ഞു..ഏപ്രിൽ 9 ന് ലോസ് ഏഞ്ചൽസിൽ നടക്കുന്ന ഫാഷനും സംഗീതവും ഒരുമിക്കുന്ന ആഘോഷപരിപാടിയിലാണ് താരങ്ങൾ പങ്കെടുക്കുക. എച്ച്&എമ്മിന്റെ എസ്എസ് 2025 ശേഖരത്തിന്റെ ആദ്യ ഡ്രോപ്പ് 2025 മാർച്ച് 20 മുതൽ സ്റ്റോറിലും ഓൺലൈനിലും ലഭ്യമാകുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.പുതിയ ശേഖരത്തിൽ വൈവിധ്യമാർന്ന ഫീച്ചറുകളോട് കൂടിയ ആധുനിക വനിതകളുടെ അഭിരുചികൾക്കനുസരിച്ച് രൂപം നൽകിയ വസ്ത്രങ്ങളാണുള്ളത്. ആഘോഷവേളകൾക്കിണങ്ങുന്ന വസ്ത്രശേഖരങ്ങൾ മുതൽ ആധുനിക ഡിസൈനുകൾ വരെ, ഫാഷൻ ചരിത്രത്തെ പുനർനിർവചിക്കുന്ന വസ്ത്രവൈവിധ്യമാണ് എസ്എസ് 2025 ശേഖരത്തിലുള്ളത്.സ്ത്രീകളുടെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിന്നും നിമിഷങ്ങളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടാണ് ഡിസൈനുകൾക്ക് രൂപം നൽകിയതെന്നും എലിയാന മസ്ഗാലോസ് പറഞ്ഞു.



# വനിത ശാക്തീകരണം: വീ പദ്ധതി വിപുലമാക്കി മഹീന്ദ്ര

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് വാണിജ്യ വാഹന നിർമാതാക്കളായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് (എംഎൽഎംഎംഎൽ) മൊബിലിറ്റി രംഗത്ത് വനിതകളെ ശാക്തീകരിക്കുന്നതിനായി 2024 ജൂലൈയിൽ ഹുന്നാറിൽ ആരംഭിച്ച മഹീന്ദ്ര വീ (വനിത സംരംഭകർ) കൂടുതൽ നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഒട്ടേറെ വനിതകൾക്ക് പരിശീലനം നൽകി മുച്ചക്ര, ഫോർവീലർ ലൈസൻസുകൾ നേടാൻ സഹായിക്കുകയും ചെയ്തു.

ആകെ 245 വനിതകൾക്ക് മൂന്നു കോഴ്സുകളിലൂടെ ത്രീ ഫോർ വീലർ ഡ്രൈവിങ്, കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്, ഇവി റിപ്പയർ ആൻഡ് മെയിന്റനൻസ് എന്നിവയിൽ പരിശീലനം നൽകി. 52 വനിതകൾക്ക് ത്രീ, ഫോർ വീലർ ലൈസൻസ് നേടാൻ സഹായിച്ചതോടെ ഇവർക്ക് ഉപജീവന മാർഗം കണ്ടെത്താനും വഴിതെളിഞ്ഞു. ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് വനിതൾക്ക് വായ്പ സൗകര്യത്തിനും സഹായം നൽകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.185 വനിതകൾക്കാണ് കസ്റ്റമർ കെയർ എക്സിക്യൂട്ടീവുകളായി പരിശീലനം നൽകിയത്.

എട്ടു വനിതകളെ ഇവി റിപ്പയറിങ്ങിലും പരിചരണത്തിലും വിദഗ്ധരാക്കി. വനിതകൾക്ക് ഇലക്ട്രിക്ക് വാഹനങ്ങളിലാണ് പരിശീലനം നൽകിയത്.

മൊബിലിറ്റിയിലും ഉപജീവനമാർഗത്തിലും തുല്ല്യത സൃഷ്ടിക്കുന്നതിലുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് മഹീന്ദ്ര വീ (വനിത സംരംഭകർ) ഹുന്നാർ സംരംഭമെന്നും വനിതകളെ ശാക്തീകരിക്കുന്നതിലൂടെ നൈപുണ്യ വികസനത്തിലും സംരംഭങ്ങളിലും അവരെ കൂടുതൽ ഉൾപ്പെടുത്തുകയും സുസ്ഥിര ഭാവി ഉറപ്പാക്കുകയുമാണെന്ന് മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് എംഡിയും സിഇഒയുമായ സുമൻ മിശ്ര പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com